നം.പി.എൽ.2/21692/2019

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി : 28/10/2019

# സർക്കുലർ

കേരളത്തിലെ ജലസ്രോതസ്സുകൾ വൻതോതിൽ മലിനീകരിക്കപ്പെടുന്ന സാഹചര്യത്തിൽ അവ മലിനീകരിക്കുന്നവർക്കെതിരെ നടപടിയെടുക്കുന്നതിനുള്ള ശിക്ഷാനടപടികൾ വർദ്ധിപ്പിച്ചുകൊണ്ട് കേരള ജലസേചനവും ജലസംരക്ഷണവും നിയമം 2003, 2018 ൽ ഭേദഗതി ചെയ്യുകയുണ്ടായി. ഭേദഗതി പ്രകാരം ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ ഒരു വർഷത്തിൽ കുറയാതെ 3 വർഷം വരെ തടവും രണ്ട് ലക്ഷം രൂപ വരെ പിഴയും ചുമത്താവുന്നതാണ്.

ജലസ്രോതസ്സുകൾ/കനാലുകൾ മലിനീകരിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ പോലീസിൽ പരാതി നൽകുവാൻ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനിയർമാരെ ഇതിനാൽ ചുമതലപ്പെടുത്തുന്നു. ഇതിന്റെ മേൽനോട്ടം അതാത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ/എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹിക്കേണ്ടതാണ്.

ചീഫ് എഞ്ചിനിയർ